
# GWLPS

## ചെറുപൊയ്ക

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26



# ഉള്ളടക്കം


* ആമുഖം
* വിദ്യാലയത്തിന്റെ ലഘുചരിത്രം
* കാഴ്ചപ്പാട്
* ലക്ഷ്യങ്ങൾ
* അവസ്ഥാവിശകലനം
* പദ്ധതി വിശദാംശങ്ങൾ
* അക്കാദമിക മോണിട്ടറിംഗ്
* ഉപസംഹാരം

# ആമുഖം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. കുട്ടികളുടെ സമഗ്ര വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസരിച്ച് കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനനേട്ടത്തിന് സഹായമാകുന്ന രീതിയിലാണ് ഈ മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത്.

സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് എല്ലാ വിഭാഗം കുട്ടികളെയും പരിഗണിക്കുന്ന പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ നടപ്പിലാക്കി എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകുമെന്ന് ഉറപ്പാണ്.

എല്ലാ ശൈക്ഷണിക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ജി.ഡബ്ല്യു. എൽ. പി. എസ് ചെറുപൊയ്ല സജീവമായ SMC, MPTA, അധ്യാപകർ, രക്ഷിതാക്കൾ, പൊതു സമൂഹം എന്നിവരുടെ സഹായത്തോടെ ഈ അധ്യയന വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര ഗുണമേന്മയുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി. ഡബ്ല്യു. എൽ. പി. എസ് ചെറുപൊയ്ക |
| സ്കൂൾ കോഡ് | : 39219 |
| വിദ്യാഭ്യാസ ജില്ല | : കൊല്ലം |
| റവന്യൂ ജില്ല | : കൊല്ലം |
| വിദ്യാഭ്യാസ ഉപജില്ല | : കൊട്ടാരക്കര |
| ബി. ആർ. സി. | : കൊട്ടാരക്കര |
| സി. ആർ. സി | : പാങ്ങോട് |
| ഗ്രാമ പഞ്ചായത്ത് | : പവിത്രേശ്വരം |
| ബ്ലോക്ക് പഞ്ചായത്ത് | : വെട്ടിക്കവല |
| ജില്ലാ പഞ്ചായത്ത് | : കൊല്ലം |
| നിയമ സഭാമണ്ഡലം | : കുന്നത്തൂർ |
| ലോക് സഭാ മണ്ഡലം | : മാവേലിക്കര |
| താലൂക്ക് | : കൊട്ടാരക്കര |
| വില്ലേജ് | : പവിത്രേശ്വരം |
| ഇ. മെയിൽ | : gwlpspoika2017@gmail.com |

# വിദ്യാലയ ചരിത്രം.

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ പവിത്രേശ്വരം പഞ്ചായത്തിലെ ചെറുപൊയ്ക എന്ന ചെറു ഗ്രാമത്തിൽ പതിനഞ്ചാം നമ്പർ ഭജനമഠം വാർഡിലാണ് ഗവൺമെന്റ് ഡബ്ല്യു എൽ പി എസ് ചെറുപൊയ്ക എന്ന വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഏകദേശം 76 വർഷത്തെ പ്രവർത്തന പാരമ്പര്യമാണ് ഈ സ്കൂളിന്റെ ചരിത്രത്തിനുള്ളത്. 1948ൽ ആരംഭിച്ച സ്കൂൾ ഇന്നും പുതിയ തലമുറയ്ക്ക് അറിവ് നൽകിപ്പോരുന്നു. പവിത്രേശ്വരം വില്ലേജിൽ ചെറുപൊയ്ക മുറിയിൽ വാണിവിള വീട്ടിൽ ശ്രീമാൻ രാമൻ അവർകളാണ് ഈ സ്കൂളിന്റെ സ്ഥാപകൻ. അന്ന് ഇന്നത്തെ പോലെ നാട്ടിൽ ഉടനീളം സ്കൂളുകളോ റോഡുകളോ സഞ്ചരിക്കാൻ വാഹനങ്ങളോ ഉണ്ടായിരുന്നില്ല. ഈ പ്രദേശങ്ങളിൽ ധാരാളം കുട്ടികൾ ഉണ്ടായിരുന്നെങ്കിലും അവർക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനായി കുഴിക്കൽ ഇടവക, പാങ്ങോട് എന്നീ സ്ഥലത്തെ സ്കൂളുകളിൽ നടന്നു പോകേണ്ടതായിരുന്നു. ചെറിയ ക്ലാസ്സുകളിൽ പഠിച്ചിരുന്ന കുട്ടികളുടെ കഷ്ടമായിരുന്നു ഏറെ കഷ്ടം. കുറ്റിക്കാടുകൾ നിറഞ്ഞ ചെറിയ മൺപാതകളിലൂടെ കിലോമീറ്ററോളമുള്ള ഈ യാത്ര മിക്ക കുട്ടികളുടെയും വിദ്യാഭ്യാസം അപൂർണ്ണമാക്കി.

ഈ സാഹചര്യത്തിൽ വാണിവിള രാമന് തന്റെ നാട്ടിലെ പിഞ്ചു കുഞ്ഞുങ്ങൾക്ക് പഠിക്കാൻ ഒരിടം വേണമെന്ന് ആഗ്രഹിച്ചു. സിദ്ധനർ സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപകരിൽ പ്രമുഖ വ്യക്തിയായ വാണിവിള രാമൻ തന്റെ ആശയം സഹപ്രവർത്തകരുമായി ചർച്ച ചെയ്യുകയും അങ്ങനെ വാണിവിള രാമൻ തന്റെ പുരയിടത്തിൽ ഒരു സ്കൂൾ പണിയാൻ തീരുമാനിക്കുകയും ചെയ്തു.

സ്കൂളിന് വേണ്ട തടികൾ, ഓല തുടങ്ങിയവ നെടിയവിള, കുന്നത്തൂർ, കുരുവിലാക്കാട് എന്നിവിടങ്ങളിൽ നിന്നും കട്ടയും മറ്റു സാമഗ്രികളും തന്റെ പുരയിടത്തിൽ നിന്ന് എടുക്കുകയും ചെയ്തു. അതേ തുടർന്ന് 1948ൽ ഓലമേഞ്ഞ് മൺകട്ട കെട്ടിയ കെട്ടിടത്തിൽ സ്കൂൾ നിലവിൽ വന്നു. 1 മുതൽ 4 വരെ ക്ലാസ്സുകൾ ഇതിലുണ്ടായിരുന്നു. ഒരു ക്ലാസ്സിൽ അൻപതും അറുപതും വിദ്യാർത്ഥികൾ വരെ പഠിച്ചിരുന്നു. ഇവിടെ ഒരു ഹെഡ്മാസ്റ്ററും നാല് അധ്യാപകരും മാനേജരായി ശ്രീ. രാമൻ അവർകളും സ്കൂളിന്റെ പ്രവർത്തനം നടത്തി പോയിരുന്നു. എസ്. എൻ. പുരം തൈതക്കോട് പ്ലാക്കാട്, ചെറുപൊയ്ക തെക്ക്, ചെറുപൊയ്ക വടക്ക്, പുതുച്ചിറ, പവിത്രേശ്വരം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം അക്കാലത്ത് കുട്ടികൾ പഠിക്കുന്നതിനു വേണ്ടി എത്തിച്ചേർന്നിരുന്നു.

സ്കൂൾ ഒൻപത് വർഷക്കാലം വാണിവിള രാമന്റെ മാനേജ്മെന്റിന്റെ കീഴിൽ നല്ല രീതിയിൽ പ്രവർത്തിച്ചു. പിന്നീട് അന്നത്തെ ഗവൺമെന്റ് പ്രതിനിധികളുമായി ശ്രീ രാമൻ അവർകൾ ചർച്ച ചെയ്യുകയും തന്റെ നാടിന് താൻ ഉണ്ടാക്കിയെടുത്ത സരസ്വതി ക്ഷേത്രം ഒരു കാലത്തും നഷ്ടപ്പെടാതെ നാട്ടുകാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സ്വമനസ്സാൽ 1956ൽ ഗവൺമെന്റ് അധികൃതർക്ക് കൈമാറുകയും ചെയ്തു.

ഈ സ്കൂളിൽ പഠിച്ചിരുന്ന പൂർവ്വ വിദ്യാർത്ഥികളിൽ പലരും സമൂഹത്തിന്റെ സമസ്ത മേഖലകളിൽ എത്തിച്ചേർന്നിട്ടുള്ളവരുമാകുന്നു. ശാസ്താംകോട്ട ഡി.ബി കോളേജ് പ്രൊഫസർ ശ്രീ. മോഹൻകുമാർ, ഡി.വൈ.എസ്.പി. വിമൽകുമാർ, പട്ടാഴി.ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ടീച്ചർ നിഷാ രാജൻ, കെ.ആർ.ആർ.എം.വി.എച്ച്.എസ്.എസ്-ലെ പ്രിൻസിപ്പൽ മംഗളാനന്ദൻ സാർ, മധു വട്ടവിള അനിൽ ശോഭ പട്ടവില (കെ.ആർ.ആർ.എം റിട്ട. അദ്ധ്യാപിക) ഇപ്പോൾ ഈ സ്കൂളിൽ എൽ.പി.എസ്.ടി. ആയി ജോലി ചെയ്തു വരുന്ന അപ്സര വിജയൻ തുടങ്ങിയവർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

# കാഴ്ചപ്പാട്

വിദ്യാഭ്യാസം എന്നത് കേവലമായ അറിവ് നേടൽ പ്രക്രിയ മാത്രമല്ല എന്നത് നമ്മുടെ സമൂഹം എത്രകാലം മുൻപേ തിരിച്ചറിഞ്ഞതാണ്. എങ്കിലും പാഠപുസ്തകങ്ങളിലെ അറിവുകളെ മാത്രം കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസ പ്രവർത്തനമാണ് പലപ്പോഴും നമ്മുടെ ക്ലാസ് മുറികളിൽ നടന്നു വന്നിരുന്നത്. ഇതിന് മാറ്റം വരുത്താൻ ലക്ഷ്യമിട്ടാണ് പാഠ്യപദ്ധതി ചട്ടക്കൂട് നിലവിൽ വന്നത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള സമഗ്രഗുണമേന്മാ വിദ്യാഭ്യാസമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനും ലക്ഷ്യമിടുന്നത്.

പാഠ പുസ്തകങ്ങളിലെ വിവരങ്ങളിലും അറിവുകളിലും മാത്രം തളച്ചിടപ്പെടുന്ന കുട്ടിക്ക് സമൂഹത്തിൽ ജീവിക്കുവാൻ ആവശ്യമായ പല ശേഷികളും പിന്നീട് നേടിയെടുക്കേണ്ടതായി വരുന്നു എന്നതായിരുന്നു മുൻകാല അനുഭവം. പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ഈ പ്രശ്നത്തിന് വലിയൊരളവിൽ പരിഹാരമാവുകയാണ്. ട്രാഫിക് നിയമങ്ങൾ, ശുചിത്വ ശീലങ്ങൾ, ഭക്ഷണ ശീലങ്ങൾ, വ്യായാമവും ആരോഗ്യ ശീലങ്ങളും, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, വൈകാരിക നിയന്ത്രണം, മയക്കുമരുന്ന് ലഹരി ഉപയോഗങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകൾ വിവിധ ക്ലാസ്സുകളിലെ പാഠ്യപദ്ധതിയുടെ ഭാഗമാക്കി

ട്ടുണ്ട്. സ്കൂൾ വർഷത്തിന്റെ തുടക്കത്തിൽ ഈ വിഷയങ്ങളെ പറ്റിയുള്ള പൊതു അവതരണങ്ങളും ചർച്ചകളും അഭിപ്രായ രൂപീകരണവും നടത്തിക്കൊണ്ടാണ് അധ്യയന വർഷത്തിന് തുടക്കം കുറിച്ചത്. തുടർന്ന് അതാത് പാഠഭാഗങ്ങളുടെ ഭാഗമായി ഇവയിലോരോന്നും വിശദമായി വിലയിരുത്തപ്പെട്ടു.

ഓരോ ക്ലാസിലും നേടേണ്ട അറിവുകളും കഴിവുകളും അതാത് ക്ലാസിൽ തന്നെ നേടി എന്ന് ഉറപ്പു വരുത്തുന്നതിലും ഭാഷ, ശാസ്ത്രം, ഗണിതം, സാങ്കേതിക ശാസ്ത്രം എന്നിവയിലൂന്നിയും രക്ഷകർത്താക്കളെയും പ്രാദേശിക വിഭവങ്ങൾ കഴിയുന്നത്ര പഠനപ്രക്രിയയുടെ ഭാഗമാക്കിയും ഓരോ കുട്ടിയുടെയും ശേഷികളും പഠന നിലയും വിലയിരുത്തി നിരന്തര പിന്തുണ നൽകുന്നതിലൂടെ എല്ലാവരെയും മുന്നേറാൻ പ്രാപ്തരാക്കിയുള്ള സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടിലൂന്നിയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയിട്ടുള്ളത്. പാഠപുസ്തകങ്ങൾ, വർക്കുബുക്കുകൾ തുടങ്ങിയവയോടൊപ്പം, ലൈബ്രറി പുസ്തകങ്ങൾ, പഠനയാത്രകൾ എന്നിങ്ങനെ എല്ലാ സാധ്യതകളും ഇതിനായി പ്രയോജനപ്പെടുത്തും.

# ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
3. 'വായന' ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
4. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പു വരുത്തുക
5. കുട്ടികളുടെ പഠനനില അതാത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക.
6. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. അവരെല്ലാം സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
7. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.

8 ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

9 ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

10 മാലിന്യ മുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്. മലിന ജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

11 കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കുക.

12 വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

13 പോക്സോ സംബന്ധമായ ബോധവത്കരണം.

14 രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെയുള്ള മുൻകരുതലുകൾ.

# നിലവിലെ അവസ്ഥ.

## കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| പ്രീപ്രൈമറി | 12 | 5 | 17 |
| 1 | 3 | 2 | 5 |
| 2 | 1 | 2 | 3 |
| 3 | 4 | 5 | 9 |
| 4 | 0 | 1 | 1 |
| ആകെ | 20 | 15 | 35 |

## ജീവനക്കാരുടെ എണ്ണം.

| തസ്തിക | എണ്ണം. |
|---|---|
| ഹെഡ്മിസ്ട്രസ് | 1 |
| LPST | 3 |
| PTCM | - |
| പ്രീപ്രൈമറി ടീച്ചർ | 1 |
| ആയ | 1 |
| കുക്ക് | 1 |

## ഭൗതിക നേട്ടങ്ങൾ

ഓഫീസ് മുറിയും നാല് ക്ലാസ് മുറികളുമുള്ള ഓടിട്ട കെട്ടിടമാണ് നിലവിലുള്ളത്. തറ ടൈൽ പാകി വൃത്തിയാക്കിയിട്ടുണ്ട്. എല്ലാ ക്ലാസ് റൂമുകളിലും ആവശ്യത്തിനനുസരിച്ച് ഫർണിച്ചർ ഉണ്ട്. കോൺക്രീറ്റ് മേൽക്കൂരയുള്ള രണ്ട് ടോയ്‌ലറ്റും ആസ്ബസ്റ്റോസ് ഷീറ്റിട്ട രണ്ട് ടോയ്‌ലറ്റും ഉണ്ട്. പുതുതായി നിർമ്മിച്ച കിച്ചൺ കം സ്റ്റോർ, ബയോഗ്യാസ് പ്ലാന്റ് എന്നിവയും ഉണ്ട്. ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ KITE മുഖേന സ്കൂളിന് ലഭിച്ചിട്ടുണ്ട്. പ്രീപ്രൈമറി ക്ലാസിലേക്ക് ടെലിവിഷനും ഫാനും SSK യിൽ നിന്നും ലഭിച്ചിട്ടുണ്ട്.

## ഭൗതിക പരിമിതികൾ:

കേവലം 15 സെന്റ് മാത്രമുള്ള സ്ഥലത്താണ് സ്കൂൾ കെട്ടിടം നില്ക്കുന്നത്. അതിനാൽ സ്കൂളിൽ സ്ഥലപരിമിതി നിലനിൽക്കുന്നുണ്ട്. ഒന്നു മുതൽ നാല് വരെ ക്ലാസുകൾക്കും പ്രീ-പ്രൈമറി ക്ലാസിനും കൂടി ആകെ നാല് ക്ലാസ് മുറികളേയുള്ളൂ. ലൈബ്രറി, ലബോറട്ടറി, എന്നിവയ്ക്ക് പ്രത്യേക ക്ലാസ് മുറികളില്ല. സ്കൂളിന്റെ പേര് എഴുതിയ ഒരു കവാടമില്ല. ഭോജനശാല ആവശ്യമാണ്. കളിസ്ഥലത്തിന്റെ അപര്യാപ്തത ഉണ്ട്. സ്മാർട്ട് ക്ലാസ് റൂം ഇല്ല.

## അക്കാദമിക നേട്ടങ്ങൾ

ഉപജില്ലാതല ശാസ്ത്ര ഗണിത ശാസ്ത്ര മേളയിൽ കുട്ടികളെ പങ്കെടുപ്പിച്ച് ഉയർന്ന ഗ്രേഡുകൾ നേടിയെടുക്കാൻ കഴിഞ്ഞു. ഉപജില്ലാ കലാമേളയിലും എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് എല്ലാവർക്കും ഗ്രേഡുകൾ ലഭിക്കുകയും ചെയ്തു. LSS പരീക്ഷയിൽ രണ്ട് കുട്ടികൾ വിജയിച്ചു. എല്ലാ കുട്ടികൾക്കും എഴുത്തും വായനയും പ്രയാസം കൂടാതെ ചെയ്യുന്നുണ്ട്.

## അക്കാദമിക പരിമിതികൾ.

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ക്ലാസ് ലൈബ്രറികൾ മികവാർന്ന രീതിയിൽ ഒരുക്കേണ്ടതുണ്ട്. കലാകായിക പരിശീലനത്തിന് അതിൽ പ്രാവീണ്യം നേടിയ അധ്യാപകരുടെ സേവനം ലഭ്യമാകുന്നില്ല. ചിത്രരചന, നൃത്തം സംഗീതം, ചെണ്ട തുടങ്ങിയ കലകളുടെ പരിശീലനത്തിന് അധ്യാപകർ ഇല്ല.

## സാമൂഹിക പങ്കാളിത്തം

സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, പഠനനിലവാരം ഉയർത്തൽ, പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ എന്നിവയ്ക്കെല്ലാം സാമൂഹിക പങ്കാളിത്തം കൂടിയേ തീരൂ. മേൽപറഞ്ഞകാര്യങ്ങൾക്കെല്ലാം സാമ്പത്തികവും ആൾ സഹായവും അത്യാവശ്യമാണ്. ഈ ലക്ഷ്യത്തോട് കൂടി SMC, MPTA, SSG എന്നിവ രൂപീകരിച്ച് മികച്ച പ്രവർത്തനങ്ങൾ നടത്തി വരുന്നു. അതോടൊപ്പം മാസത്തിലൊരിക്കൽ ചേരുന്ന ക്ലാസ് PTA യിലൂടെ രക്ഷാകർതൃ പങ്കാളിത്തം ഉറപ്പാക്കുന്നു. പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ രൂപീകരിച്ചും സ്കൂൾ വാർഷികം, ദിനാചരണങ്ങൾ എന്നിവയിൽ രക്ഷകർത്താക്കളെയും നാട്ടുകാരെയും സ്കൂളിൽ എത്തിക്കുക വഴി സാമൂഹിക പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നുണ്ട്.

## പ്രശ്നങ്ങൾ കാരണങ്ങൾ

രക്ഷകർത്താക്കളിൽ ഭൂരിഭാഗവും സാധാരണക്കാരായ കൂലിപ്പണിക്കാരാണ് അതിനാൽ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ കഴിയുന്നില്ല. സ്കൂളിന്റെ പരിസര പ്രദേശത്തുള്ള പൂർവ്വ വിദ്യാർത്ഥികൾ

അവരുടെ കുട്ടികളെ ദൂരെയുള്ള അൺ
എയ്ഡഡ് സ്കൂളുകളിലേക്ക് വിടുന്നതിനാൽ
അവരുടെ ഇടപെടലും സാമ്പത്തിക സഹായ
ങ്ങളും സ്കൂളിന് ലഭിക്കുന്നില്ല. സ്കൂൾ വാർഷികം
ദിനാചരണങ്ങൾ തുടങ്ങിയ ആഘോഷവേള
കളിൽ കുട്ടികളുടെ മികവാർന്ന പ്രകടനങ്ങൾ
കാണാൻ എല്ലാ രക്ഷിതാക്കളും നാട്ടുകാരും
എത്തിച്ചേരാറില്ല.

## പരിഹാരം

PTA പൊതുയോഗങ്ങൾ, ക്ലാസ് PTA
എന്നിവയിലെ രക്ഷിതാക്കളുടെ പങ്കാളിത്തം
ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതി ആവിഷ്
കരിക്കണം. കോർണർ PTA കൂടുന്നതും
ഗൃഹസന്ദർശനത്തിലൂടെയും പരിഹാരം
കണ്ടെത്താൻ കഴിയും.

## വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്

### - അക്കാദമിക് മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പാക്കുന്നതിന് അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേയ്ക്കും നയിക്കുന്നതും ആയിരിക്കണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുന:സംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തനലക്ഷ്യങ്ങൾ.

- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനം, പോർട്ട് ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധ ആകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയതലത്തിലുള്ള കൂട്ടായ്മ (SMC, SSK, PTA) പ്രോത്സാഹിപ്പിക്കുക.

## പ്രവർത്തനഘട്ടങ്ങൾ

- നിയതി നിശ്ചയിച്ച സന്ദർശനം:

- ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. HELP 2025 ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.

## മോണിറ്ററിംഗ് ഉപാധികൾ

- UNIT WISE MONITORING FORMAT: ഒന്നാം ഭാഗം; പഠനഫല പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ
- PORTFOLIO EVIDENCE: കുട്ടികളുടെ പ്രവർത്തനങ്ങൾ ചിത്രങ്ങൾ, വിലയിരുത്തൽ
- NOTEBOOK ENTRY CHECKLIST: ക്ലാസിലെ നിത്യ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
- OBSERVATION TOOL: കൃത്യമായ തയാറാക്കിയ ക്ലാസ്റൂം നിരീക്ഷണഫോർമാറ്റ്.

## ഉദ്യോഗസ്ഥരുടെ ചുമതലകൾ

- SCERT/DIET ഫാക്കൽറ്റി അംഗങ്ങൾ, വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കും.
- DIET PRINCIPAL: ജില്ലാതല മാർഗ്ഗനിർദ്ദേശം
- DDE, DEO, AEO: സ്കൂൾതല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും.
- DPC, BPC: പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഇവരിലെ സഹായവും
- വിദ്യാകിരണം, വിഷൻ കോർഡിനേറ്റർ, ഡോക്യുമെന്റേഷൻ ഡിജിറ്റൽ സേവകൾ, പ്രതിവാര അവലോകനം.

## വികാസപ്രദ വിലയിരുത്തൽ

വികാസപ്രദ വിലയിരുത്തൽ (Formative Assessment) എന്നത് പഠനപ്രക്രിയയിൽ നിന്നും ഉയരുന്ന ഒരു സമഗ്ര പ്രതിഫലനമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണിത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ട്പോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. KCF 2023 ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്ക് ഉള്ള പ്രക്രിയാഗതവളർച്ചയാണ് വിലയിരുത്തലിന്റെ മുഖ്യലക്ഷ്യം.

### പ്രവർത്തന ലക്ഷ്യങ്ങൾ

- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠനരീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക
- അധ്യാപകർക്ക് അവരുടെ പഠന നടപടികൾ വിലയിരുത്താനും മെച്ചപ്പെടുത്താനും സഹായിക്കുക

## പ്രവർത്തന ഘട്ടങ്ങൾ:

• പഠനപ്രക്രിയ വിലയിരുത്തൽ

- പ്രവർത്തനം ഏറ്റെടുത്തു?
- ഗ്രൂപ്പിൽ പ്രവർത്തിച്ചു?
- ആശയങ്ങൾ പങ്കുവെച്ചു?

ആശയധാരണ

- ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
- അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ??

പ്രക്രിയാശേഷി വിലയിരുത്തൽ

○ മുൻധാരണകൾ എന്തെല്ലാമായിരുന്നു?
○ പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ??

പ്രകടനം/ അവതരണം

• ഗ്രൂപ്പ് പ്രവർത്തനത്തിന് ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു.
• ഞാൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവ്വമായി വിശദീകരിച്ചു.

രേഖപ്പെടുത്തൽ.

- പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു
- അതിനുള്ള ആവൃത്തിയും അതിന്റെ അടക്കം മനസിലാകുന്ന തരത്തിലുള്ള അവതരണം.

## വിലയിരുത്തൽ മാർഗ്ഗങ്ങൾ

- **നിരീക്ഷണം (observation)**
  - അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ട്, ചെക്ക്‌ലിസ്റ്റ്
- **അഭിമുഖം (Interview)**
  - കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം
- **റേറ്റിംഗ് സ്കെയിൽ**
  - പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1-5 വരെ സ്കോർ ചെയ്യുക
- **സ്വയം വിലയിരുത്തൽ ഫോമുകൾ**
  - കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.

## പോർട്ട്ഫോളിയോ വിലയിരുത്തൽ

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ ആയത്തിൽ നിക്ഷേപിക്കുക

KCF 2023 മാർഗനിർദ്ദേശമനുസരിച്ച്

- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവങ്ങൾ, പ്രത്യേകത, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.

# സമഗ്ര പുരോഗതി രേഖ

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമുഖമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും തുടർന്നുള്ള അധ്യയനത്തിനും പിൻതുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാമാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവ്, മാനസികസ്ഥിതികൾ ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വില മതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

## പ്രവർത്തന ഘട്ടങ്ങൾ

• രേഖയുടെ രൂപരേഖ തയ്യാറാക്കൽ

### പ്രധാന രേഖകൾ

- വൈജ്ഞാനികം
- വൈകാരികം
- സാമൂഹികം
- ശാരീരികം
- മാനസികം
- ആചരണപൂർണ്ണത
- ആശയവിനിമയക്ഷമത
- സഹപാഠികളുമായുള്ള ഇടപെടൽ.

## വിലയിരുത്തലിന്റെ ഘടകങ്ങൾ

## നിർണ്ണയിക്കൽ

- ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ
- അധ്യാപക കമന്റുകൾ | PTA വിലയിരുത്തൽ
- ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ
  അർഹതകൾ

## കാലക്രമാനുസൃതമായി

## രേഖപ്പെടുത്തൽ

- മാസപരമവും പാദപരമവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലും രേഖപ്പെടുത്തുക.
- കുട്ടിയുടെ സ്വഭാവവ്യത്യാസങ്ങൾ, വളർച്ചാനാഴവുകൾ ഇടവേളകൾക്കനുസൃതമായി രേഖപ്പെടുത്തുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം 1

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | | 1000 |

പ്രവർത്തനം 2

പേര് : എന്റെ പിറന്നാൾ പുസ്തകം.

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 3
പേര് : ഉച്ചഭാഷിണി വായന.
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരുദിനം ഒരുകുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ | |

പ്രവർത്തനം 4
പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br>റീഡേഴ്സ് തിയേറ്റർ | ഇഷ്ടപുസ്തകങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറികളിലും പ്രത്യേക വായനാ കോർണർ ഒരുക്കുന്നു. ക്ലാസ് റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു | | | |

പ്രവർത്തനം-5
പേര് : ക്ലാസിലെ കയ്യെഴുത്ത് മാസിക
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസിലെ ക്ലാസിലെ കയ്യെഴുത്ത് മാസിക ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്ടീച്ചർ | |

പ്രവർത്തനം-6
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | | |

പ്രവർത്തനം - 7
പേര് : ക്ലാസ്തല പതിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-8
പേര് : എന്റെ വായനാക്കുറിപ്പുകൾ
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകത്തെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. (പ്രതിദിന ക്ലാസിൽ വായനാ കാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം 9
പേര് : കയ്യെഴുത്ത് മാസികകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | ഓരോ ടേമിലും | വിദ്യാരംഗം ഭാരവാഹികൾ. | |

പ്രവർത്തനം-10
പേര് : രചനോത്സവം
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധതരത്തിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക. | അധ്യാപകൻ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 11
പേര് : സർഗ്ഗവേള.
ഉപമേഖല : പ്രകടനവേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനു ഉയർത്തുന്നതിനു പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-12
പേര് : അഭിനയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ ഒരുക്കുക.
ഉപമേഖല : അഭിനയപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| അഭിനയ വിനിമയശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-13
പേര് : പാട്ടരങ്ങ്
ഉപമേഖല : ഭാഷാസമൃദ്ധി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഭാവപ്രകടനം ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം. 14
പേര് : നാട്ടുവിശേഷം കൂട്ടെഴുത്ത്.
ഉപമേഖല : ലേഖനാവിഭാവനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| എഴുത്തുനൈപുണി, സർഗ്ഗചിന്താശേഷി, ഭാഷാബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ അടിസ്ഥാനമാക്കി കൂട്ടായി ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവം പങ്കുവയ്ക്കാനും അഭിപ്രായങ്ങൾ എഴുതാനും അവസരം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | P.T.A | |